പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 166 **26-10-2026-ൽ മറുപടിയ്ക്ക്**

<u>ലോക കേരളസഭ നിർത്തലാക്കാനുള്ള നീക്കം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. ടി. എം. ശശി

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. പി. കെ. പ്രവീൺ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ലോക കേരളസഭ പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

<u>മറുപടി:</u> ഉണ്ട്. ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിച്ചിട്ടില്ലാത്തതു കൊണ്ടും, പ്രവാസികളുമായി കൂടുതൽ സ്ഥിരമായി ഇടപഴകുന്നതിന് മെച്ചപ്പെട്ടതും തുടർച്ചയായതും ഘടനാപരവുമായ ഒരു വേദിയും സംവിധാനവും ആവശ്യമാണെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 24/09/2026 തീയതിയിലെ സ.ഉ.(കൈ) നം.4/2026/നോർക്ക നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലോക കേരള സഭ പിരിച്ചുവിട്ടത്.

(ബി) പ്രവാസി സമൂഹത്തെ ഏകോപിപ്പിക്കുന്നതിനും ആശയ രൂപീകരണത്തിനും പ്രവാസികളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ മുന്നിലെത്തിക്കാനുമുള്ള ജനാധിപത്യ വേദിയായ ലോക കേരളസഭ നിർത്തലാക്കാനുള്ള നീക്കത്തിൽ പ്രവാസി ലോകം ആശങ്ക പ്രകടിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രവാസി മലയാളികളുടെ ക്ഷേമത്തിന് നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയും നിക്ഷേപത്തിന് അവസരമൊരുക്കുകയും ചെയ്ത ലോക കേരളസഭ തുടരുന്നതിന് നടപടി സ്വീകരിക്കുമോ;

<u>മറുപടി:</u> ലോക കേരള സഭ സർക്കാർ പിരിച്ചുവിട്ടെങ്കിലും, ആഗോള പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട് തുടർച്ചയായും ഘടനാപരവുമായ ഇടപെടലുകൾ നടത്തുന്നതിനും ഉചിതമായ സ്ഥാപന സംവിധാനം ശിപാർശ ചെയ്യുന്നതിനുമായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. വ്യവസായം, ആഭ്യന്തരം, ആരോഗ്യകുടുംബക്ഷേമം, ജലവിഭവം എന്നീ വകുപ്പുകളുടെ മന്ത്രിമാർ അംഗങ്ങളായ ഈ സമിതിയുടെ കൺവീനർ പ്രവാസികാര്യ വകുപ്പ് സെക്രട്ടറിയാണ്. വിവിധ പ്രവാസി സമൂഹങ്ങളിലെ നിലവിലുള്ള നിക്ഷേപ സ്ഥാപനങ്ങളെയും സംഘടനകളെയും കുറിച്ച് പരിശോധിക്കുന്നതിനൊപ്പം, കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ റെമിറ്റൻസ് സമ്പദ് വ്യവസ്ഥയിൽ നിന്നും നിക്ഷേപ സമ്പദ് വ്യവസ്ഥയിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള

സാധ്യതകളും ഈ സമിതി പരിശോധിക്കുന്നതാണ്. സമിതിയുടെ നിർദ്ദേശപ്രകാരം തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) ലോകമെമ്പാടുമുള്ള പ്രവാസി സമൂഹത്തെ ചേർത്തുപിടിക്കാൻ രൂപീകരിച്ച ലോക കേരളസഭ മാതൃകയിൽ പ്രവാസി ഫോറം ആരംഭിക്കുമോ എന്ന് വ്യക്തമാക്കുമോ?

മറുപടി: ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന പ്രവാസി മലയാളികളുമായും മലയാളി സംഘടനകളുമായും കൂടുതൽ സുസ്ഥിരവും ഫലപ്രദവുമായ ബന്ധം സ്ഥാപിക്കുന്നതിനായി 'ഗ്ലോബൽ നോർക്ക കോഓർഡിനേഷൻ കൗൺസിൽ' രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഈ സംവിധാനം നിലവിൽ വരുന്നതിലൂടെ പ്രവാസി ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും, നോർക്ക റൂട്ട്സിന്റെ സേവനങ്ങൾ സമയബന്ധിതമായി പ്രവാസികളിലേക്ക് എത്തിക്കാനും സാധിക്കും.

സെക്ഷൻ ഓഫീസർ